REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 20-01-2026 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **നിയമസഭാ ബജറ്റ് സമ്മേളനത്തിന് തുടക്കം; തൊഴിലുറപ്പ് പദ്ധതി ഭേദഗതി സംസ്ഥാനത്തിന് പ്രതിസന്ധിയുണ്ടാക്കിയതായി നയപ്രഖ്യാപന പ്രസംഗത്തിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ.**
- **നയപ്രഖ്യാപന പ്രസംഗത്തിൽ ഗവർണർ മാറ്റം വരുത്തിയതായി മുഖ്യമന്ത്രി പിണറായി വിജയൻ.**
- **BJPയുടെ പുതിയ ദേശീയ അധ്യക്ഷനായി നിതിൻ നബിൻ ചുമതലയേറ്റു.**
- **ശബരിമലയിൽ 100 കോടിയോളം രൂപയുടെ വൻ കൊള്ളയെന്ന് പ്രതിപക്ഷ നേതാവ് VD സതീശൻ.**
- **വഡോദരയിൽ വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ, ഡൽഹി ക്യാപിറ്റൽസ്, വൈകിട്ട് ഏഴരയ്ക്ക് മുംബൈ ഇന്ത്യൻസിനെ നേരിടും.**

## വാർത്തകൾ വിശദമായി

പതിനഞ്ചാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കറുടെ നയപ്രഖ്യാപന പ്രസംഗത്തോടെ തുടക്കമായി.

തൊഴിലുറപ്പ് പദ്ധതി ഭേദഗതി കേരളത്തിൽ പ്രതിസന്ധിയുണ്ടാക്കിയതായി ഗവർണർ നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞു. കേന്ദ്ര ഗവൺമെന്റ് കടമെടുപ്പ് പരിധി കുറച്ചത് കേരളത്തിന് തിരിച്ചടിയായെന്നും, പൊതു വിപണിയിലെ വായ്പയിൽ കേന്ദ്രം കുറവ് വരുത്തിയെന്നും, ഗവർണർ

അറിയിച്ചു. പത്ത് വർഷത്തിനിടയിൽ സംസ്ഥാന ഗവൺമെന്റ് പവർ കട്ട് ഇല്ലാതെ വൈദ്യുതി വിതരണം നടത്തിയതായും സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും സംസ്ഥാന ഗവൺമെന്റ് വികസന പ്രവർത്തനം മുന്നോട്ട് കൊണ്ടുപോയെന്നും നയപ്രഖ്യാപന പ്രസംഗത്തിൽ ഗവർണർ വ്യക്തമാക്കി.

കേരളത്തിൽ ശിശു മരണ നിരക്ക് കുറഞ്ഞെന്നും ഗവർണർ പറഞ്ഞു. വന്യ ജീവി ആക്രമണം തടയാൻ ഗവൺമെന്റ് നടപടി സ്വീകരിച്ചെന്നും രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ അറിയിച്ചു.

നിലവിലെ മന്ത്രി സഭയുടെ അവസാന സംസ്ഥാന ബജറ്റ് മന്ത്രി K.N ബാലഗോപാൽ ഈ മാസം 29നു അവതരിപ്പിക്കും.

✪✪✪

ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തോടെ നിയമസഭ ഇന്നത്തേക്ക് പിരിഞ്ഞു. നാളെ രാവിലെ ഒൻപതിന് സഭ വീണ്ടും ചേരും.

✪✪✪

നിയമസഭാ നയപ്രഖ്യാപന പ്രസംഗത്തിൽ ഗവർണർ രാജേന്ദ്ര വിശ്വാനാഥ ആർലേക്കർ മാറ്റം വരുത്തിയതായി മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ഗവർണർ വായിക്കാതെ വിട്ട ഭാഗങ്ങൾ മുഖ്യമന്ത്രി സഭയിൽ വായിക്കുമ്പോഴാണ് ഇക്കാര്യം പറഞ്ഞത്. ഗവർണർ വായിക്കാതെ വിട്ട ഭാഗങ്ങൾ അംഗീകരിക്കണമെന്നും പിണറായി വിജയൻ ആവശ്യപ്പെട്ടു.

✪✪✪

നിയമസഭാ ബജറ്റ് സമ്മേളനം ആരംഭിച്ചതോടെ  മന്ത്രി KN ബാലഗോപാൽ അവതരിപ്പിക്കുന്ന ബജറ്റിനെ രാഷ്ട്രീയ കേരളം പ്രതീക്ഷയോടെ ഉറ്റുനോക്കുകയാണ്. നിയമസഭാ തിരഞ്ഞെടുപ്പ് ലക്ഷ്യമിട്ട് ബജറ്റ് ജനപ്രിയമാകുമെന്നാണ് പൊതുവെ കരുതുന്നത്. മൂന്നാം LDF ഗവൺമെന്റ് എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കാൻ ജനപ്രിയ ബജറ്റിന് സാധിക്കുമെന്ന് മുന്നണി നേതാക്കൾ പ്രതീക്ഷിക്കുന്നു.

ഈ മാസം 29 ന് അവതരിപ്പിക്കുന്ന ബജറ്റിൽ ജീവനക്കാരുടെയും അധ്യാപകരുടെയും അഷ്വേർഡ് പെൻഷൻ സ്കീം ഉൾപ്പെടെ വിവിധ പദ്ധതികളുടെ പ്രഖ്യാപനം ഉണ്ടായേക്കും. സംസ്ഥാനത്തെ പരമ്പരാഗത കരകൗശല - കാർഷിക മേഖലയ്ക്ക് പുനരുജ്ജീവനം നൽകുന്ന പദ്ധതി പ്രഖ്യാപനവും ബജറ്റിലുണ്ടാവുമെന്നാണ് നിരീക്ഷകരുടെ അഭിപ്രായം.

പൊതുവെ വോട്ടുബാങ്ക് ലക്ഷ്യമാക്കിയായിരിക്കും ധനമന്ത്രിയുടെ ബജറ്റ് പ്രഖ്യാപനങ്ങളെന്നും പ്രതീക്ഷിക്കാം.

✪✪✪

BJPയുടെ പുതിയ ദേശീയ അധ്യക്ഷനായി നിതിൻ നബിൻ ചുമതലയേറ്റു. ന്യൂഡൽഹിയിലെ പാർട്ടി ആസ്ഥാനത്ത് റിട്ടേണിംഗ് ഓഫീസർ ഡോ. K. ലക്ഷ്മൺ ആണ് നബിനെ പാർട്ടി പ്രസിഡന്റായി പ്രഖ്യാപിച്ചത്. പ്രധാനമന്ത്രി നരേന്ദ്ര മോദി, കേന്ദ്രമന്ത്രിമാരായ അമിത് ഷാ, രാജ്‌നാഥ് സിംഗ്, ജെപി നദ്ദ, നിതിൻ ഗഡ്കരി എന്നിവർ നബിന് ആശംസകൾ നേർന്നു.

✪✪✪

കഴിഞ്ഞ സാമ്പത്തികവർഷം ഇലക്ട്രോണിക്സ് കയറ്റുമതിയിൽ ഇന്ത്യ 47 ബില്യൺ ഡോളറിന്റെ റെക്കോർഡ് നേട്ടം കൈവരിച്ചതായി കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് സാമൂഹിക മാധ്യമത്തിൽ അറിയിച്ചു.

സ്മാർട്ട്ഫോൺ കയറ്റുമതിയിലൂടെ 30 ബില്യൺ ഡോളർ ലഭിച്ചു. രാജ്യത്തെ മൂന്നാമത്തെ വലിയ കയറ്റുമതി ഇനമാണ് ഇലക്ട്രോണിക്സ് എന്നും 2015 മുതൽ ഇലക്ട്രോണിക് കയറ്റുമതി 11 മടങ്ങ് വർദ്ധിച്ചുവെന്നും അശ്വിനി വൈഷ്ണവ് പറഞ്ഞു.

ശക്തമായ സ്ത്രീ പങ്കാളിത്തം, MSME കൾ, യുവാക്കളുടെ ദീർഘകാല വൈദഗ്ദ്ധ്യം എന്നിവയിലൂടെ 25 ലക്ഷം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിച്ചതായും കേന്ദ്രമന്ത്രി വ്യക്തമാക്കി.

✪✪✪

കർത്തവ്യ പഥിൽ 77-ാമത് റിപ്പബ്ലിക്ക് ദിന പരേഡിൽ 10,000-ൽ പരം വിശിഷ്ടാതിഥികൾ പങ്കെടുക്കുമെന്ന് രാജ്യരക്ഷാ മന്ത്രാലയം വ്യക്തമാക്കി. രാജ്യത്തിന്റെ വരുമാന വളർച്ച, തൊഴിൽ, സ്റ്റാർട്ട് അപ്പുകൾ, കണ്ടു പിടുത്തങ്ങൾ, ഗവൺമെന്റ് പദ്ധതികൾ തുടങ്ങി നിരവധി മേഖലകളിൽ പ്രധാന പങ്കു വഹിച്ചവരാണ് റിപ്പബ്ലിക്ക് ദിന പരേഡിൽ അതിഥികളായെത്തുന്നത്.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് ഈ മാസം 25 ന്. മൻ കി ബാതിലേക്ക് ആശയങ്ങളും അഭിപ്രായങ്ങളും My Gov, നമോ App എന്നിവയിലൂടെയോ 1800 - 11 - 7800 എന്ന ടോൾ ഫ്രീ നമ്പറിലോ ഈ മാസം 23 വരെ അറിയിക്കാം.

✪✪✪

കർണാടകയിലെ തദ്ദേശ തിരഞ്ഞെടുപ്പിൽ വോട്ടിംഗ് യന്ത്രങ്ങൾക്ക് പകരം ബാലറ്റ് പേപ്പറുകൾ ഉപയോഗിക്കാൻ സംസ്ഥാന ഗവൺമെന്റ് തീരുമാനിച്ചത് അങ്ങേയറ്റം പ്രതിഷേധാർഹവും പിന്നോട്ടു പോക്കുമാണെന്ന് കേന്ദ്രമന്ത്രിയും മുതിർന്ന BJP നേതാവുമായ പ്രൽഹാദ് ജോഷി പറഞ്ഞു. ദശകങ്ങളായി രാജ്യം കൈവരിച്ച പുരോഗതിയെ തകർക്കുന്ന തെറ്റായ കീഴ്‌വഴക്കം സൃഷ്ടിക്കാനാണ് സംസ്ഥാന ഗവൺമെന്റ് ശ്രമിക്കുന്നതെന്നും അദ്ദേഹം സമൂഹ മാധ്യമ പോസ്റ്റിൽ കുറിച്ചു.

✪✪✪

വർഗീയത പറയുന്ന ഒരാളുടെ നിലപാടിനോടും CPIM ന് യോജിക്കാൻ കഴിയില്ലെന്ന് പാർട്ടി സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ പറഞ്ഞു. ഭൂരിപക്ഷ വർഗീയതയ്ക്കും നൂനപക്ഷ വർഗീയതകൾക്കെതിരെ പൊരുതുന്ന ഇന്ത്യയിലെ പ്രധാന സംഘടനയാണ് CPIM എന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. എന്നാൽ CPIM നെതിരെ മാധ്യമങ്ങൾ ബോധപൂർവം പ്രചാരണം നടത്തുകയാണെന്നും എം വി ഗോവിന്ദൻ കുറ്റപ്പെടുത്തി.

✪✪✪

ശബരിമലയിൽ നടന്നത് 100 കോടിയോളം രൂപയുടെ വൻ കൊള്ളയെന്ന് പ്രതിപക്ഷ നേതാവ് VD സതീശൻ പറഞ്ഞു. അന്വേഷണം നല്ലരീതിയിൽ മുന്നോട്ട് പോയാൽ കൂടുതൽ പേർ കുടുങ്ങുമെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. സ്വർണക്കൊള്ളക്കേസിൽ ജയിലിൽ ആയ നേതാക്കൾക്കെതിരെ നടപടിയെടുക്കാത്ത CPIM ന്റെ തനി നിറം വ്യക്തമാണെന്നും അതാണ് ശബരിമല സ്വർണക്കൊള്ള കണിക്കുന്നതെന്നും സതീശൻ ആരോപിച്ചു.

✪✪✪

ശബരിമല സ്വർണക്കൊള്ളക്കേസ് അന്വേഷിക്കുന്ന SIT യിൽ സംസ്ഥാന ഗവൺമെന്റ് സമ്മർദ്ദം ചെലുത്തി അന്വേഷണം അട്ടിമറിക്കാൻ ശ്രമക്കുകയാണെന്ന് AICC ജനറൽ സെക്രട്ടറി KC വേണുഗോപാൽ പറഞ്ഞു. അതിനാൽ സംസ്ഥാന ഗവൺമെന്റിന് അധികാരത്തിൽ തുടരാൻ അർഹതയില്ലെന്ന് അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. കോടതിയുടെ മേൽനോട്ടത്തിൽ നടത്തുന്ന കേന്ദ്ര അന്വേഷണത്തെ കോൺഗ്രസ് സ്വാഗതം ചെയ്യുന്നതായും സ്വർണക്കൊള്ളയിൽ പങ്കുപറ്റിയ എല്ലാവരെയും നിയമത്തിന് മുന്നിൽകൊണ്ടുവരണമെന്നും KC വേണുഗോപാൽ ആവശ്യപ്പെട്ടു.

✪✪✪

ശബരിമലയിൽ മകരവിളക്ക് കാലത്തിനു സമാപനമായി. നട രാവിലെ 6.45ന് അടച്ചു. തിരുവാഭരണ മടക്കഘോഷയാത്ര ആരംഭിച്ചു. റാന്നി പെരുനാട് കക്കാട്ടുകോയിക്കൽ ശ്രീധർമ്മ ശാസ്താക്ഷേത്രത്തിൽ നാളെ രാവിലെ 11.30ന് തിരുവാഭരണചാർത്തൽ നടത്തും.

പത്തനംതിട്ടയിൽ നിന്ന ശ്രിജി എസ് ശ്രീധർ..

..........വോയ്സ്.........

ശബരിമല മകരവിളക്ക് തീർഥാടനം, മകരമാസപൂജ എന്നിവയ്ക്ക് സമാപനം കുറിച്ച് ക്ഷേത്രനട ഇന്ന് രാവിലെ 6.45ന് അടച്ചു. രാവിലെ അഞ്ചിന് നടതുറന്നശേഷം ഗണപതി ഹോമവും തുടർന്ന് സന്നിധാനത്ത് പന്തളം രാജപ്രതിനിധി അയ്യനെ ദർശിച്ച ശേഷം 18-ാം പടിയിറങ്ങി. തുടർന്ന് മേൽശാന്തി അയ്യപ്പവിഗ്രഹത്തിൽ വിഭൂതിയഭിഷേകം നടത്തി നടയടച്ച് 18-ാം പടിക്ക്താഴെയെത്തി ആചാരപരമായ ചടങ്ങുകൾ നടത്തി മേൽശാന്തി രാജപ്രതിനിധിക്ക് താക്കോൽകൂട്ടം നൽകി.

തുടർന്ന് താക്കോൽക്കൂട്ടവും മാസപൂജക്കായെന്ന സങ്കൽപത്തിൽ പണക്കിഴിയും രാജപ്രതിനിധി ശബരിമല അഡ്മിനിസ്ട്രേറ്റിവ് ഓഫീസർ എസ് ശ്രീനിവാസന് കൈമാറുന്ന ചടങ്ങും നടന്നു. ശേഷം രാജപ്രതിനിധിക്കൊപ്പം പന്തളം സ്രാമ്പിക്കൽ കൊട്ടരാത്തിലേക്ക് തിരുവാഭരണ ഘോഷയാത്രാസംഘത്തിന്റെ മടക്കയാത്രയും ആരംഭിച്ചു.

റാന്നി പെരുനാട് കക്കാട്ടുകോയിക്കൽ ശ്രീധർമ്മ ശാസ്താക്ഷേത്രത്തിൽ നാളെ രാവിലെ 11.30ന് തിരുവാഭരണചാർത്തലും നടക്കും. സ്ത്രീകൾക്കുൾപ്പെടെ തിരുവാഭരണം ചാർത്തിക്കാണാൻ പറ്റുന്ന ക്ഷേത്രമാണിത്.

ഈ മാസം 23 ന് വൈകിട്ട് തിരുവാഭരണ സംഘം പന്തളം സ്രാമ്പിക്കൽ കൊട്ടാരത്തിലെത്തും. ശബരിമല നട കുംഭമാസ പൂജയ്ക്കായി അടുത്തമാസം 12 ന് വീണ്ടും തുറക്കും

✪✪✪

ശബരിമല സ്വർണക്കൊള്ളക്കേസിൽ മുഖ്യപ്രതി ഉണ്ണികൃഷ്ണൻ പോറ്റിയുടെ ആദ്യ കേസിലെ ജാമ്യാപേക്ഷയിൽ വാദം പൂർത്തിയായി. കൊല്ലം വിജിലൻസ് കോടതി വൈകാതെ വിധി പറയും. പോറ്റിക്ക് ജാമ്യം നൽകുന്നതിനെ പ്രോസിക്യൂഷൻ കോടതിയിൽ എതിർത്തു.

✪✪✪

ശബരിമല സ്വർണക്കൊള്ള കേസിൽ മുൻ അഡ്‌മിനിസ്ട്രേറ്റീവ് ഓഫീസർ S ശ്രീകുമാറിനെ പ്രത്യേക അന്വേഷണസംഘത്തിന്റെ കസ്റ്റഡിയിൽ വിട്ടു. കൂടുതൽ ചോദ്യംചെയ്യാൻ ശ്രീകുമാറിനെ കസ്റ്റഡിയിൽ വേണമെന്ന SIT യുടെ അപേക്ഷയിലാണ് കൊല്ലം വിജിലൻസ് കോടതിയുടെ നടപടി.

ഒരുദിവസത്തെ കസ്റ്റഡിയാണ് അനുവദിച്ചത്. ചോദ്യം ചെയ്തശേഷം ഇന്ന് വൈകിട്ട് ശ്രീകുമാറിനെ തിരികെ കോടതിയിൽ ഹാജരാക്കും.

✪✪✪

ശബരിമലയിലെ സ്വർണക്കൊള്ളയുമായി ബന്ധപ്പെട്ട അന്വേഷണത്തിന്റെ ഭാഗമായി എൻഫോഴ്‌സ്‌മെന്റ് ഡയക്റ്ററേറ്റ് കേരളത്തിലും തമിഴ്‌നാട്ടിലും കർണാടകയിലുമായി ഇന്ന് 21 സ്ഥലങ്ങൾ റെയ്‌ഡ് ചെയ്തു. കേസുമായി ബന്ധപ്പെട്ടു പ്രത്യേക അന്വേഷണ സംഘം അറസ്റ്റ് ചെയ്ത 13 പേർ നിലവിൽ ജുഡീഷ്യൽ കസ്റ്റഡിയിലാണ്.

✪✪✪

ശബരിമല സ്വർണക്കവർച്ചാ കേസിൽ ഹൈക്കോടതി നിർദേശപ്രകാരം കൂടുതൽ തെളിവെടുപ്പിന് പ്രത്യേക അന്വേഷണസംഘം ഇന്ന് സന്നിധാനത്തെ സ്ട്രോങ് റൂമിൽ പരിശോധന നടത്തും. വാതിൽപാളി, പ്രഭാമണ്ഡലപാളി എന്നിവയാണ് പരിശോധന നടത്തുക. ഇന്നലെ വൈകിട്ട് ശബരിമലയിലെത്തിയ രണ്ടംഗ അന്വേഷണ സംഘത്തോടൊപ്പം ഇന്ന് കൂടുതൽ പേർ എത്തുമെന്നാണ് ലഭിക്കുന്ന വിവരം. സന്നിധാനത്ത് രാവിലെ എട്ടിന് ശേഷം ദേവസ്വം ഉദ്യോഗസ്ഥർ, PRD, മാധ്യമപ്രവർത്തകർ ഉൾപ്പടെ മുഴുവൻ ആളുകളും മടങ്ങിപ്പോകണമെന്ന് ശബരിമല സ്പെഷ്യൽ കമ്മിഷണർ R. ജയകൃഷ്ണൻ നിർദ്ദേശം നൽകി.

✪✪✪

വഡോദരയിൽ വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ, ഡൽഹി ക്യാപിറ്റൽസ്, ഇന്ന് മുംബൈ ഇന്ത്യൻസിനെ നേരിടും. വഡോദര BCA സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

സന്തോഷ് ട്രോഫി ഫുട്‌ബാൾ മത്സരത്തിൽ പങ്കെടുക്കുന്ന കേരള ടീം അസമിലെത്തി. കേരള പൊലീസ് താരം G സഞ്ജുവിന്റെ നേതൃത്വത്തിൽ 22 താരങ്ങൾ ഉൾപ്പെടെ 28 പേരാണ് പുറപ്പെട്ടത്.

കൂടുതൽ വിവരങ്ങളുമായി ആകാശാവാണി പ്രതിനിധി M സുരേഷ് ബാബു..

........വോയ്സ്......

✪✪✪

ഇന്ത്യൻ ബാഡ്മിന്റൺ താരം ഒളിംപ്യൻ സൈന നെഹ്‌വാൾ വിരമിച്ചു. 2016 റിയോ ഒളിംപിക്സിനിടെ  കാൽമുട്ടിനേറ്റ പരുക്കിനെ തുടർന്നാണ് താരം വിരമിക്കൽ പ്രഖ്യാപിച്ചത്. രണ്ടുവർഷത്തോളമായി പരുക്കിൽ നിന്ന് മുക്തി നേടാൻ കഴിയാതിരുന്ന താരം വിരമിക്കുന്നതായി അറിയിക്കുകയായിരുന്നു.

2012 ലെ ലണ്ടൻ ഒളിംപിക്സിൽ ഇന്ത്യയ്ക്കായി സൈന വെങ്കലമെഡൽ നേടിയിട്ടുണ്ട്. 2023 ൽ സിംഗപ്പൂർ ഓപ്പണിലാണ് സൈന അവസാനമായി മൽസരിക്കാനിറങ്ങിയത്.രണ്ട് പതിറ്റാണ്ട് നീണ്ട കരിയറിൽ 24 രാജ്യാന്തര കിരീടങ്ങൾ സൈന സ്വന്തമാക്കി. ബാഡ്മിന്റണിൽ ഒളിംപിക്സ് മെഡൽ നേടുന്ന ആദ്യ ഇന്ത്യക്കാരിയും സൈനയാണ്.

✪✪✪

46-ാമത് സംസ്ഥാന ടെക്നിക്കൽ കലോത്സവം മറ്റന്നാൾ മുതൽ ഈ മാസം 25 വരെ തൃശൂരിൽ അരങ്ങേറും. 22ന് വൈകിട്ട്  ടൗൺഹാളിൽ മന്ത്രി ഡോ. R ബിന്ദു ഉദ്ഘാടനം ചെയ്യും. സംസ്ഥാനത്തെ 44 ടെക്നിക്കൽ IHRD സ്കൂളുകളിൽ നിന്നായി 1500 കുട്ടികൾ 42 ഇനങ്ങളിൽ പങ്കെടുക്കും. സമാപന സമ്മേളനം 25ന്  വൈകിട്ട് മൂന്നിന് മേയർ നിജി ജസ്റ്റിൻ ഉദ്ഘാടനം ചെയ്യും.

✪✪✪

സംസ്ഥാനത്ത് സ്വർണവില 760 രൂപ ഉയർന്ന് പവന് ഒരു ലക്ഷത്തി എണ്ണായിരം രൂപയായി. ഗ്രാമിന് 95 രൂപ കൂടി 13,500 രൂപയാണ് വില.

✪✪✪

*News Editor : വി കെ സുരേഷ്*
*News Reader: മണികണ്ഠൻ,*
*NRTs : സയ്യിദ് അലി ശിഹാബ് , ശ്രീജി,*
*DEO : സി കെ സുബോധ്*